

WEDNESDAY 12/02/2025 ബുധനാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor: Suresh A R    Editor: Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 12/02/2025

1. കൃഷി വകുപ്പിന്റെ ഫാം പ്ലാൻ പദ്ധതിയിലുൾപ്പെട്ട, ആലപ്പുഴ ജില്ലയുടെ കേരളഗ്രോ പ്രീമിയം ഓട്ട് ലെറ്റ് ഉദ്ഘാടനം 2025 ഫെബ്രുവരി 15 ശനിയാഴ്ച്ച രാവിലെ 9.00 മണിക്ക്, (കായംകുളം പുനലൂർ റോഡ്, ചാങ്ങേത്തറ ജംഗ്ഷൻ-കെ.കെ.ആർക്കേഡ്) കൃഷി വകുപ്പ് മന്ത്രി പി . പ്രസാദ് നിർവ്വഹിക്കുന്നു. കായംകുളം എം.എൽ.എ. യു. പ്രതിഭ ചടങ്ങിൽ അദ്ധ്യക്ഷത വഹിക്കുന്നു. പ്രസ്തുത പരിപാടിയിൽ ത്രിതല പഞ്ചായത്ത് പ്രതിനിധികൾ. കർഷകക്കൂട്ടം പ്രതിനിധികൾ. കാർഷിക-മൃഗസംരക്ഷണ-ക്ഷീരമേഖലയിലെ ഉദ്യോഗസ്ഥ പ്രമുഖർ, യുവസംരംഭകർ, പൊതുരംഗത്തെ പ്രമുഖർ. സാങ്കേതിക വിദഗ്ദ്ധർ , വ്യാപാരികൾ, കർഷക പ്രതിനിധികൾ എന്നിവർ പങ്കെടുക്കുന്നു.

2. Indian Institute of Horticulture Research (IIHR) വികസിപ്പിച്ചെടുത്ത അത്യുത്പാദനശേഷിയുള്ള അർക്ക സുപ്രീം, അർക്കരവി എന്നീ അവക്കാഡോ തൈകൾ ആവശ്യമുള്ളവർ ചുവടെയുള്ള ലിങ്ക് വഴി യോ, ബത്തേരി ആസ്ഥാനമായി പ്രവർത്തിക്കുന്ന വയനാട് ഹിൽസ് ഫാർമർ പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ് ഓഫിസിൽ നേരിട്ടെത്തിയോ ഓർഡർ നൽകാവുന്നതാണ്.

3. വെള്ളാനിക്കര പച്ചക്കറി ശാസ്ത്ര വിഭാഗത്തിൽ ബാക്ടീരിയ വാട്ടത്തിന് എതിരെ പ്രതിരോധശേഷിയുള്ള ഹരിത വഴുതന തൈകൾ വിൽപനക്കെത്തിയിട്ടുണ്ട്. വില ഒന്നിന് 2/- രൂപ നിരക്കിൽ ലഭ്യമാണ്.വില്പന സമയം: 9:00 AM - 4:00 PM വരെ.

4. മുട്ടക്കോഴിക്കുഞ്ഞുങ്ങൾ വിൽപനയ്ക്ക് സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ കീഴിലുള്ള കൊല്ലം ജില്ലയിലെ കൊട്ടിയം മുട്ടക്കോഴി പ്രജനന കേന്ദ്രത്തിൽ ഗ്രാമശ്രീ ഇനത്തിൽപ്പെട്ട മുട്ടക്കോഴിക്കുഞ്ഞുങ്ങൾ വിൽപ്പനയ്ക്കുണ്ട്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ആവശ്യമുള്ളവർ കെപ്കോയുടെ കൊട്ടിയം ലെയർ ബ്രീഡർ ഫാമിൽ നേരിട്ട് ബുക്ക് ചെയ്യണം. ഫോൺ: 9495000933, 9495000923.

## പരിശീലന പരിപാടി

5. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള തൃശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ **'കൂൺ കൃഷി'** എന്ന വിഷയത്തിൽ 2025 ഫെബ്രുവരി 14 ന് ഏകദിന പരിശീലന പരിപാടി നടത്തുന്നു. പരിശീലന ഫീസ് 300 രൂപ. താല്പര്യമുള്ളവർ 9400483754എന്ന ഫോൺ നമ്പറിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്.

6. ഇടുക്കി കുടുംബശ്രീ കേരള ചിക്കൻ പദ്ധതിയുടെ പരിശീലന പരിപാടി ഫെബ്രുവരി 12 ബുധനാഴ്ച രാവിലെ 10 മുതൽ ചെറുതോണി ടൗൺഹാളിൽ നടത്തും. നിലവിൽ ഫാം ഉള്ളവർ, പുതുതായി ഫാമുകൾ തുടങ്ങാൻ താൽപര്യമുള്ളവർ എന്നിവർക്ക് പങ്കെടുക്കാം.

7. വിഎഫ്പിസികെയുടെ കാക്കനാട് ഓഫീസിൽ **കൂൺകൃഷി** പരിശീലനം സംഘടിപ്പിക്കുന്നു. വെള്ളി രാവിലെ 10 മുതൽ വൈകിട്ട് നാലുവരെയാണ് സമയം. കൂൺവിത്ത് ഉൾപ്പെടെയുള്ള ഉൽപ്പാദന സാമഗ്രികളടങ്ങിയ സൗജന്യ കിറ്റ് നൽകും. ഫോൺ: 85476 00298, www.vfpck.org

8. കോക്കനട്ട് റിസർച്ച് സ്റ്റേഷൻ ബാലരാമപുരത്ത് വച്ച് **തേങ്ങയിൽ നിന്നും വിവിധ മൂല്യ വർധിത ഉത്പന്നങ്ങൾ** തയ്യാറാക്കുന്നതിനുള്ള ഏകദിന പരിശീലനം ഫെബ്രുവരി 12, 18, 20 തീയതികളിൽ നടത്തുന്നു. രജിസ്ട്രേഷൻ ഫീസ് 500 രൂപ കൂടുതൽ വിവരങ്ങൾക്ക് 8547603318 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

9. ക്ഷീരവികസന വകുപ്പിൻ്റെ കീഴിലുള്ള ഓച്ചിറ ക്ഷീരോൽപന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിൽ വച്ച് 2025 ഫെബ്രുവരി 14 മുതൽ 15 വരെ 2

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ദിവസങ്ങളിലായി **"സുരക്ഷിതമായ പാൽ ഉല്പാദനം"** എന്ന വിഷയത്തിൽ പരിശീലന പരിപാടി സംഘടിപ്പിച്ചിരിക്കുന്നു. താൽപ്പര്യമുള്ള ക്ഷീരകർഷകർ ഓച്ചിറ ക്ഷീരപരിശീലന കേന്ദ്രം മുഖേന നേരിട്ടോ ആലപ്പുഴ, കൊല്ലം ഡെപ്യൂട്ടി ഡയറക്ടർമാർ മുഖാന്തിരമോ, അതാത് ബ്ലോക്ക് ക്ഷീരവികസന ഓഫീസർമാർ മുഖാന്തിരമോ രജിസ്റ്റർ ചെയ്യാവുന്നതാണ്. കഴിഞ്ഞ 3 വർഷങ്ങളിലെപ്പോഴെങ്കിലും ഇതേ പരിശീലനത്തിൽ ഓഫ് ലൈൻ ആയി പങ്കെടുത്തിട്ടുള്ളവർക്ക് ഈ പരിശീലനത്തിൽ പങ്കെടുക്കാൻ അർഹത ഉണ്ടായിരിക്കുന്നതല്ല. പരിശീലനാർത്ഥികൾ 12.02.2025-ന് വൈകുന്നരം 5 മണിക്ക് മുമ്പായി 8089391209, 0476 2698550 ഫോൺ നമ്പരുകളിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യണ്ടതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ ബാങ്ക് പാസ്സ് ബുക്കിൻ്റെ പകർപ്പും ഏതെങ്കിലും തിരിച്ചറിയൽ രേഖയുടെ പകർപ്പും പരിശീലനത്തിനെത്തുമ്പോൾ ഹാജരാക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 20/ രൂപ.

10. റബ്ബർതോട്ടങ്ങളിൽ വേനൽകാലത്ത് നടപ്പാക്കേണ്ട സംരക്ഷണനടപടികളെക്കുറിച്ചറിയാൻ റബ്ബർബോർഡ് കോൾസെന്ററിൽ വിളിക്കാം. ഇതു സംബന്ധമായ ചോദ്യങ്ങൾക്ക് 2025 ഫെബ്രുവരി 13 വ്യാഴാഴ്ച രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ റബ്ബർ ബോർഡിലെ അസിസ്റ്റന്റ് ഡെവലപ്മെന്റ് ഓഫീസർ ഫോണിലൂടെ മറുപടി പറയും. കോൾസെന്റർ നമ്പർ 0481-2576622.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം